പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 866 08. 03. 2012 ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഘടനയിൽ മാറ്റം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പേരിലും ഘടനയിലും മാറ്റം വരുത്തുന്ന പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി ഏതെങ്കിലും ഏജൻസിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കുകയുണ്ടായോ; | എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പേരിലും ഘടനയിലും മാറ്റം വരുത്താതെ തന്നെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി യാതൊരു ഏജൻസിയുമായി ധാരണാപത്രം ഒപ്പു വെയ്ക്കുകയുണ്ടായിട്ടില്ല. |
| ബി) | എങ്കിൽ ഏത് ഏജൻസിയുമായാണ് ധാരണാപത്രം ഒപ്പു വെച്ചത്; | ബി) | ബാധകമല്ല. |
| സി) | എന്തൊക്കെ മാറ്റങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | സി) | നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മാനവശേഷി മാത്രം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ **(Manual works)** ആയതിനാൽ അതിന്റേതായ കാലതാമസത്തിനും അപാകതകൾക്കും പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾക്കും ഇടവരുന്നുണ്ട്. ഈ അപാകതകളൊക്കെ പരിഹരിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ **'citizen friendly centre"** (ജനസൗഹൃദ കേന്ദ്രങ്ങൾ) ആക്കി മാറ്റുന്നതിനും ആയി സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിന് ഡൽഹി എൻ.ഐ.സി. വികസിപ്പിച്ച വെബ്-എനേബിൾഡ് ആയ CASE സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും, അപ്രകാരം **CASE** സോഫ്റ്റ്‌വെയറിലൂടെ ഓൺലൈൻ ആയി ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്ട്രേഷൻ പുതുക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റുകൾ ചേർക്കുന്നതിനും, തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡുകൾ നേരിട്ടു കാണുന്നതിനും പ്രിന്റ് എടുക്കുന്നതിനും സൗകര്യമുണ്ടായിരിക്കും. ഇപ്രകാരമുള്ള സോഫ്റ്റ് വെയറിലെ ഡാറ്റാ ബേസിലുള്ള ഉദ്യോഗാർത്ഥികളുടെ നൈപുണ്യം അപഗ്രഥനം ചെയ്ത്, ജോലി നേടുന്നതിനുള്ള നൈപുണ്യം കുറവായി കണ്ടെത്തുന്നവർക്ക് തങ്ങളുടേതായ മേഖലയിൽ പ്രത്യേക പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിച്ച് ഉദ്യോഗദായകന് എല്ലാ വിധത്തിലും സ്വീകാര്യമാക്കിത്തീർക്കുന്ന **employability skill development** (തൊഴിൽ സാദ്ധ്യതയ്ക്കായി നൈപുണ്യം വർദ്ധിപ്പിക്കുന്ന) പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. 2012-13ലെ വാർഷിക പദ്ധതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ **'Centres of skill and Employability Development"** ആക്കി മാറ്റുന്നതിനുള്ള പദ്ധതി നിർദ്ദേശം ഉൾക്കൊള്ളിച്ചിരുന്നു.<br><br>ഈ വകുപ്പിൽ നടപ്പിലാക്കുന്ന CASE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സ്വകാര്യ മേഖലയിൽ ജോലി നേടുവാൻ ഉദ്ദേശിക്കുന്നവർക്കായി, തൊഴിൽ അന്വേഷകരെയും തൊഴിൽദായകരെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു ഘടകം കൂടി ഉൾപ്പെടുത്തിക്കൊണ്ട്, കേരളത്തിലെ തൊഴിൽരഹിതരായ അനേകായിരങ്ങൾക്ക് സൗജന്യമായി ഉപകാരപ്രദമായ ഒരു സേവനം കൂടി എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കുന്ന കാര്യം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ